പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4903 26.06.2019 ൽ മറുപടിയ്ക്ക്

## വാഹന അപകടങ്ങളുടെ വർദ്ധനവ്

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മദ്യപിച്ച് വാഹനം ഓടിക്കുന്നതുമൂലവും അമിത വേഗതയും കാരണം സംസ്ഥാനത്ത് വാഹന അപകടങ്ങൾ വർദ്ധിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) യും (ബി) യും | മദ്യപിച്ച് വാഹനം ഓടിക്കുന്നതും അമിത വേഗതയും റോഡപകടങ്ങൾക്ക് കാരണമാകാറുണ്ട്. അമിത വേഗത, അശ്രദ്ധമായി വാഹനം ഓടിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ എന്നിവ മൂലമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തി ഇത്തരക്കാർക്കെതിരെ ലൈസൻസ് സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതുകൂടാതെ പുതിയതായി ലൈസൻസിന് അപേക്ഷിക്കുന്നവർ, സ്കൂൾ ബസ് ഡ്രൈവർമാർ, ബസ് ജീവനക്കാർ, സ്കൂൾ കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികൾ എന്നിവർക്ക് റോഡ് സുരക്ഷയെക്കുറിച്ചുള്ള അവബോധന ക്ലാസ്സുകൾ നൽകുന്നുമുണ്ട്. |
| (ബി) | ഇത്തരം നിയമലംഘനങ്ങൾക്ക് അറുതി വരുത്തുവാൻ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | | |
| (സി) | മദ്യപിച്ച് വാഹനം ഓടിക്കുന്നതിന്റെയും അമിതവേഗതയുടെയും പേരിൽ ലൈസൻസ് റദ്ദ് ചെയ്യുന്നുണ്ടോ; എങ്കിൽ 2018 ൽ എത്ര പേരുടെ ലൈസൻസ് ഇപ്രകാരം റദ്ദാക്കിയിട്ടുണ്ട് എന്നറിയിക്കാമോ? | (സി) | വിവിധ നിയമലംഘനങ്ങളുടെ പേരിൽ 2018 വർഷം 17,788 ലൈസൻസുകൾ റദ്ദാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ